# പതിനാലാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *40.** **29.10.2019 ൽ മറുപടിക്ക്.**

**<u>വ്യവസായ സംരംഭകർക്കുള്ള സേവനങ്ങൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. മുകേഷ്<br>ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. വി. അബ്ദുറഹിമാൻ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) പുതിയ വ്യവസായ സംരംഭകർക്കായി സംസ്ഥാനത്ത് വ്യവസായ അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) പുതിയ വ്യവസായ സംരംഭകർക്ക് മാത്രമായി വ്യവസായ അദാലത്ത് സംഘടിപ്പിച്ചിട്ടില്ല. എന്നാൽ, വ്യവസായികളുടേയും, സംരംഭകരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ജില്ലാ ആസ്ഥാനങ്ങളിൽ വ്യവസായ, മൈനിംഗ് & ജിയോളജി വകുപ്പുകളിലെ ഉദ്യോഗസ്ഥർ, വിവിധ അസോസിയേഷൻ ഭാരവാഹികൾ, വ്യവസായികൾ, സംരംഭകർ എന്നിവരെ ഉൾപ്പെടുത്തി അദാലത്തുകൾ സംഘടിപ്പിച്ച് വരികയാണ്. നിയമപരമായി പരിഹരിക്കാൻ കഴിയുന്ന വിഷയങ്ങൾ ഈ അദാലത്തുകളിലൂടെ പരിഹരിക്കപ്പെട്ടിട്ടുണ്ട്. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, എറണാകുളം ജില്ലകളിൽ വ്യവസായ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) പുതിയ സംരംഭകർക്ക് സഹായകരമാകുന്ന രീതിയിൽ വ്യവസായ വകുപ്പിലെ സേവനങ്ങൾ ഏകജാലകമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (ബി) ഉണ്ട്. സംസ്ഥാനത്തിനെ നിക്ഷേപ സൗഹൃദമാക്കുന്നതിനായി, അനുമതികൾ അതിവേഗം ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകളിലെ ഏഴ് ആക്ടുകളിൽ ആവശ്യമായ ഭേദഗതി വരുത്തി 2018 -ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ആക്ട് എന്ന പേരിൽ നിയമ നിർമ്മാണം നടത്തിയിട്ടുണ്ട്. വ്യവസായ സംരംഭങ്ങൾ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നുള്ള ആവശ്യമായ ലൈസൻസുകൾ / ക്ലിയറൻസുകൾ ലഭിക്കുന്നതിലേക്കായി സംരംഭകർക്ക് ഓൺലൈൻ മുഖാന്തിരം അപേക്ഷിക്കുന്നതിനും ആയത് 30 ദിവസത്തിനകം ലഭിക്കുന്നതിലേക്കുമായി K-SWIFT (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി) എന്ന പേരിൽ ഒരു പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. |
| സി) | സംരംഭകരുടെ സാമ്പത്തിക ബാധ്യതകൾക്ക് പരിഹാരമായി ഒറ്റത്തവണ തീർപ്പാക്കൽ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. വ്യവസായ വകുപ്പ് നടപ്പിലാക്കിയിരുന്ന സംരംഭകർക്കായിട്ടുള്ള മാർജിൻ മണി വായ്പ എടുത്ത് കുടിശ്ശിക ആക്കിയവർക്ക് ആയത് തിരിച്ചടക്കുന്നതിലേക്കായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ കാലയളവിലായി മൂന്ന് പ്രാവശ്യം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.<br><br>1. <u>24/03/2017 മുതൽ 21/02/2019 വരെ</u><br><br>24/03/2017 ലെ ജി.ഒ (ആർ.റ്റി) നം.459/17/ഐഡി നമ്പർ ഉത്തരവ് പ്രകാരം പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി,ലോൺ എടുത്ത തീയതി മുതൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ അപേക്ഷ തീയതി വരെ 6 % നിരക്കിൽ കണക്കാക്കുന്ന പലിശയും മുതലും ചേരുന്ന തുകയാണ് കുടിശ്ശിക തുക. ഈ തുകയിൽ നിന്നും നാളിതുവരെ അടച്ച തുക കിഴിവ് ചെയ്ത ശേഷം നിൽക്കുന്ന തുകയാണ് ബാധ്യത തുക. പ്രസ്തുത കുടിശ്ശിക തുകയിൽ നിന്ന് 50 % ഒന്നാം ഗഡുവായും അവശേഷിക്കുന്ന തുക ഒരു വർഷത്തിനുള്ളിൽ രണ്ട് ഗഡുക്കളായും |

അടയ്ക്കുന്നതിന് വ്യവസ്ഥ ഉണ്ടായിരുന്നു. മാത്രമല്ല വായ്പക്കാരൻ മരിച്ച് പോയ കേസുകളിൽ കുടിശ്ശിക തുക പൂർണ്ണമായും എഴുതി തള്ളാനും വ്യവസ്ഥയുണ്ടായിരുന്നു.

ഈ കാലയളവിൽ 162 വായ്പകൾ തീർപ്പാക്കുകയും 217 .65 ലക്ഷം രൂപ സർക്കാരിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്

2. 22/02/2019 മുതൽ 30/04/2019 വരെ

22/02/2019 ലെ ജി.ഒ (ആർറ്റി) നം.17/2019/ ഐഡി നമ്പർ ഉത്തരവ് പ്രകാരം പിഴപലിശ പൂർണ്ണമായും ഒഴിവാക്കി വായ്പത്തുകയുടെ 6 % നിരക്കിൽ പലിശയുടെ 50 % ഇളവ് അനുവദിച്ചിരുന്നു. ഈ കാലയളവിൽ 238 വായ്പകൾ തീർപ്പാക്കുകയും 290.99 ലക്ഷം രൂപ സർക്കാരിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

3. 08/08/2019 മുതൽ 07/11/2019 വരെ

08.08.2019 ലെ G.O.(Rt)No.764/19/വ്യവ പ്രകാരം പിഴപലിശ പൂർണ്ണമായും ഒഴിവാക്കി, വായ്പത്തുകയുടെ 6 % നിരക്കിൽ പലിശയുടെ 50 % തുക ഇളവ് അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം കണക്കാക്കുന്ന പലിശ, മുതൽ തുകയേക്കാൾ അധികരിക്കുന്ന പക്ഷം മുതൽ തുകയ്ക്ക് തുല്യമായി പലിശ തുക നിജപ്പെടുത്തുന്നതാണ് .ഇപ്രകാരം കണക്കാക്കുന്ന കുടിശ്ശിക തുകയുടെ ആദ്യ ഗഡുവായി 50 % ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തിനകവും ബാക്കി തുക ഒരു വർഷത്തിനുള്ളിൽ രണ്ട് ഗഡുക്കളായി അടച്ച് വായ്പ തീർപ്പാക്കാവുന്നതാണ്. നാളിതുവരെ 155 പേർ പ്രസ്തുത കുടിശ്ശിക നിവാരണ

പദ്ധതിയിൽ താല്പര്യം പ്രകടിപ്പിക്കുകയും 92 പേർ 26.65 ലക്ഷം രൂപ സർക്കാരിലേയ്ക്ക് ഒടുക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ കാലാവധി കഴിഞ്ഞിട്ടില്ല.

**സെക്ഷൻ ഓഫീസർ**